LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് ജില്ലയിൽ NRDWP-WSS (നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോജക്ട്) പദ്ധതിയിൽ ചെങ്കള, മൂളിയാർ, മധൂർ, മൊഗ്രാൽ പുത്തൂർ പഞ്ചായത്തുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിക്ക് ഒന്നാം ഘട്ടത്തിനായി 2012-ലെ എസ്.എൽ.എസ്.സി.യിൽ 1980 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ രണ്ടാംഘട്ടത്തിന് 2013-ൽ 2350 ലക്ഷം രൂപയ്ക്ക് നബാർഡിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട പ്രവൃത്തികൾ:

1. ഇൻടേക്ക് വെൽ കം പമ്പ് ഹൗസ്
2. റോ വാട്ടർ പമ്പിംഗ് മെയിൻ
3. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ
4. 3 ഉപരിതല ജലസംഭരണികൾ
5. 30 ദശലക്ഷം ശേഷിയുള്ള ശുദ്ധീകരണശാല

ഇവയിൽ പ്ലാന്റ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു. ശുദ്ധീകരണ ശാലയുടെ പ്രവൃത്തി പ്രാഥമിക ഘട്ടത്തിലാണ്. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ നബാർഡിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ.

1. 3 ജലസംഭരണികൾ
2. ഗ്രാവിറ്റി മെയിൻ
3. 75 കിലോമീറ്റർ ജലവിതരണ ശൃംഖല എന്നിവയാണ്. ഇവയുടെ പ്രവൃത്തി അവസാനഘട്ടത്തിലാണ്.

(സി) ഈ പദ്ധതി ജനുവരി 2017-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

മാവേലിക്കര ഭരണിക്കാവ് കുടിവെള്ള പദ്ധതി

186 (2466) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഭരണിക്കാവ് (കാരനിക്കാട്) കുടിവെള്ള പദ്ധതി നാളിതുവരെയായി പൂർത്തീകരിക്കുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും റെയിൽവേയുടെ അനുമതി ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(ഇ) മാവേലിക്കര മുനിസിപ്പാലിറ്റിയിൽ റീത്തുപള്ളി-മഞ്ചാടിത്തറ റോഡിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് എം.എൽ.എ.യുടെ കത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ആലപ്പുഴ ജില്ലയിലെ ശുദ്ധജല പദ്ധതിക്കായി വെട്ടിപ്പൊളിച്ച റോഡുകൾ

187 (2467) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ശുദ്ധജല പദ്ധതിയുടെ ഭാഗമായി എത്ര റോഡുകൾ വെട്ടിപ്പൊളിച്ചുവെന്ന് വിശദമാക്കാമോ; അവയുടെ പേരുവിവരവും നീളവും വ്യക്തമാക്കാമോ;

(ബി) പൊളിച്ച റോഡുകൾ പുനരുദ്ധരിക്കാൻ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇതുവരെ എത്ര റോഡുകൾ പുനരുദ്ധരിച്ചുവെന്ന് വ്യക്തമാക്കാമോ; ശേഷിക്കുന്ന റോഡുകളുടെ നവീകരണം എന്ന് പൂർത്തിയാക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ചെറുതുരുത്തി തടയണ നിർമ്മാണം

188 (2468) ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുതുരുത്തി തടയണ നിർമ്മാണം ആരംഭിച്ചത് എന്നാണ്; ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; നിർമ്മാണ പ്രവർത്തനങ്ങൾ എത്ര ശതമാനം പൂർത്തിയായെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly